"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എരുമേലി ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ ശുചിത്വ മിഷന്റെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം മാറ്റി സ്ഥാപിക്കുന്നതിന് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1081/2020/LSGD തീയതി,തിരുവനന്തപുരം, 09/06/2020

---

പരാമർശം:- എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.04.2019-ലെ A3-3292/19 നമ്പർ കത്ത്

**ഉത്തരവ്**

എരുമേലി പഞ്ചായത്തിൽ വളമാക്കുവാനും പൊടിച്ച് മാറ്റുവാനും സാധിക്കാത്ത പ്ലാസ്റ്റിക് ഇതര മാലിന്യങ്ങളായ ഡയപ്പർ, സാനിട്ടറി നാപ്കിൻ, ഉപേക്ഷിക്കുന്ന വസ്തങ്ങൾ, തൊണ്ട്, ചിരട്ട തുടങ്ങിയവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 198/19 ആയി 'കൊടിത്തോട്ടം പ്ലാന്റിൽ ഇൻസിനറേറ്റർ നിർമ്മാണം' എന്ന 32,00,000/- രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ) അടങ്കൽ തുക വരുന്ന എരുമേലി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുകയും കോസ്റ്റ് ഫോർഡുമായി പഞ്ചായത്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പദ്ധതിക്ക് സർക്കാർ അനുമതി വാങ്ങണമെന്ന ഓഡിറ്റ് നിർദേശം ഉള്ളതിനാൽ നശിച്ച് പോയ ഇൻസിനറേറ്റർ മാറ്റി പുതിയത് സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നല്കണമെന്ന് എരുമേലി പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരുമേലി പഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റതാക്കേണ്ട സാഹചര്യം പരിഗണിച്ച് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റിലെ ഇൻസിനറേറ്റർ ശുചിത്വ മിഷന്റെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം മാറ്റി സ്ഥാപിക്കുന്നതിന് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി എരുമേലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 അനുസരിച്ചായിരിക്കണം ഇൻസിനറേറ്റർ

സ്ഥാപിക്കേണ്ടത്.

- ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോട്ടയം ജില്ലാ ഓഫീസിൽ നിന്നും സ്ഥാപനാനുമതി കരസ്ഥമാക്കേണ്ടതാണ്
- ഇൻസിനറേറ്ററിന്റെ സ്ഥാപന അനുമതിക്കായി മലിനീകരണ നിയന്ത്രണബോർഡിന്റെ വെബ് സൈറ്റായ www.krocmms.nic.in-ൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്/സെക്രട്ടറി എരുമേലി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.06.10 15:20:55 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്